## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3766. 30.01.2014 ൽ മറുപടിയ്ക്ക്.

<u>അന്യ സംസ്ഥാനങ്ങളിലേയ്ക്ക് കടക്കുന്ന ട്രാൻസ്പോർട്ട് വാഹനങ്ങളുടെ ഉയർന്ന നികുതി</u>

| ചോദ്യം<br>ശ്രീമതി. കെ.എസ്. സലീഖ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
|---|---|---|
| കർണ്ണാടകയിലേക്ക് കടക്കുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഉയർന്ന നികുതി ഈടാക്കുന്നതുപോലെ മറ്റ് സംസ്ഥാനങ്ങളിൽ കൂടുതൽ തുക ഈടാക്കുന്നുണ്ടോ ; എങ്കിൽ ഇവ തടയുന്നതിന് എന്ത് നടപടി സ്വീകരിച്ചു ; വിശദമാക്കുമോ ? | | കേരളത്തിന് തമിഴനാട്ടും ആന്ധ്രാപ്രദേശുമായി ബൈലാറ്ററൽ എഗ്രിമെന്റ് ഉള്ളതിനാൽ പ്രസ്തുത സംസ്ഥാനങ്ങളിലേക്ക് പ്രവേശിക്കുവാൻ കേരളത്തിൽ നിന്നും സ്പെഷ്യൽ പെർമിറ്റെടുത്ത വാഹനങ്ങൾക്ക് നികുതി ഒടുക്കേണ്ടതില്ല. കർണ്ണാടക സംസ്ഥാനം ഈടാക്കുന്ന അമിത നിരക്ക് കുറയ്ക്കുന്നത് പരിഗണിക്കണമെന്ന് കർണ്ണാടക സർക്കാരിനോട് മുഖ്യമന്ത്രി കത്തു മുഖാന്തിരം ആവശ്യപ്പെട്ടിരുന്നെങ്കിലും അനുകൂലമായ നടപടി ഉണ്ടായില്ല. ഡിസംബർ 26, 27 തീയതികളിൽ തിരുവനന്തപുരത്ത് ചേർന്ന സൗത്ത് ഇന്ത്യ ട്രാൻസ്പോർട്ട് കൗൺസിൽ മീറ്റിംഗിൽ കർണ്ണാടക ഗതാഗത വകുപ്പ് മന്ത്രിയുമായി ചർച്ച നടത്തിയിരുന്നുവെങ്കിലും നടപടി ഉണ്ടായില്ല. കേരളം മറ്റു സംസ്ഥാന വാഹനങ്ങൾക്ക് ഈടാക്കുന്ന നികുതി വർദ്ധിപ്പിച്ച് മറ്റു സംസ്ഥാനങ്ങളിൽ ഉള്ള നിരക്കിന് ആനുപാതികമാക്കുവാനുള്ള നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ.